# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3035      28.01.2014 ൽ മറുപടിക്ക്

പബ്ലിക് ഓഫീസ് സമുച്ചയത്തിൽ ഓഫീസ്
അനുവദിക്കുന്നതിനായി ചേർന്ന എസ്റ്റിമേറ്റ് കമ്മിറ്റി യോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരത്തെ പബ്ളിക് ഓഫീസ് സമുച്ചയത്തിൽ, ഓഫീസ് ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള അപേക്ഷകരായ സർക്കാർ വകുപ്പുകൾക്ക്, ഓഫീസ് അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് കമ്മിറ്റി യോഗം ചേർന്നത് ഏത് തീയതിയിലായിരുന്നു; വ്യക്തമാക്കാമോ; | (എ) എസ്റ്റേറ്റ് കമ്മിറ്റി യോഗം ചേർന്നത് 25.06.2013-നാണ്. |
| (ബി) പ്രസ്തുത യോഗത്തിന്റെ തീരുമാനമനുസരിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഏതെല്ലാം വകുപ്പുകൾക്ക് ഓഫീസിനായി സ്ഥലം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) പബ്ലിക് ഓഫീസിൽ പ്രവർത്തിച്ചിരുന്ന ടാക്സസ് കമ്മീഷണറേറ്റ് പുതുതായി പണികഴിപ്പിച്ച സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറിയപ്പോഴാണ് പബ്ലിക് ഓഫീസിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം ഒഴിവു വന്നത്. അപ്രകാരം ഒഴിവുവന്ന സ്ഥലം 25-06-2013-ൽ ചേർന്ന എസ്റ്റേറ്റ് കമ്മിറ്റി യോഗം പബ്ലിക് ഓഫീസിൽ തന്നെ പ്രവർത്തിച്ചുവരുന്ന വിവിധ വകുപ്പുകൾക്കും, പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾക്കുമായി അനുവദിച്ചുകൊടുത്തു. പബ്ലിക് ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സീറോ ലാന്റ്ലെസ് പ്രോജക്ട്, ഹാരിസൺ മലയാളം സ്പെഷ്യൽ ഓഫീസ് എന്നിവ പുതുതായി നിലവിൽ വന്നതിനാൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിനും, പബ്ലിക് ഓഫീസിൽ തന്നെ പ്രവർത്തിച്ചുവരുന്ന പഞ്ചായത്ത് ഡയറക്ടറേറ്റ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് എന്നീ കാര്യാലയങ്ങളുടെ കീഴിൽ പുതിയതായി ആരംഭിച്ച പ്രോജക്ടുകളുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുമാണ് അധിക സ്ഥലം അനുവദിച്ചു നൽകിയത്. 3500 sq.ft ഓളം സ്ഥലമാണ് ബാക്കിയുണ്ടായിരുന്നത്. പി.എം.ജിയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ PWD കോംപ്ലക്സ് നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ടി ഓഫീസുകൾ പ്രവർത്തിപ്പിക്കുവാൻ 2013 ജൂൺ 30 ന് മുൻപ് പുതിയ സ്ഥലം കണ്ടെത്തേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ശേഷിച്ച സ്ഥലം അനുവദിച്ച് നൽകണമെന്ന് ഡെപ്യൂട്ടി |

ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് കമ്മിറ്റി ബാക്കിയുള്ള 3500 Sq.ft സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ താൽക്കാലികമായി പ്രവർത്തിപ്പിക്കുവാനായി അനുവദിച്ച് നൽകുകയാണ് ഉണ്ടായത്. പൊതുമരാമത്ത് വകുപ്പിന് സ്ഥലം അനുവദിച്ച ശേഷം പുറമേനിന്നും സ്ഥലത്തിനായി അപേക്ഷിച്ചിരുന്ന ഓഫീസുകൾക്ക് അനുവദിക്കുവാൻ സ്ഥലം ലഭ്യമല്ലാ എന്ന് 25-06-2013 ന് ചേർന്ന എസ്റ്റേറ്റ് കമ്മിറ്റി യോഗം കണ്ടെത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ